"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് അനുവദിച്ച എൻ.സി.ഡി.സി ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.61/2026/Co-Op തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.457/2008/സഹ തീയതി 23/07/2008
2. എൻ.സി.ഡി.സി യുടെ 03/10/2025ലെ NCDC:9-1/2025 - IC&SC/1376/SB 51284 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.524/2025/സഹ തീയതി 18/12/2025
4. സർക്കുലർ നം.35/2024/ധന തീയതി 12/06/2024.

**ഉത്തരവ്**

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പുതുതായി ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിനായി പരാമർശം (2) പ്രകാരം അനുമതി നല്കിയ എൻ.സി.ഡി.സി ധനസഹായമായ 66.46 കോടി രൂപ (Investment Loan(ഓഹരി) - 5.00കോടി രൂപ, Term Loan (വായ്പ) -61.46 കോടി രൂപ) യുടെ ഒന്നാം ഗഡുവായി 17.865 കോടി രൂപ (പതിനേഴ് കോടി എൺപത്താറ് ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രം) {ഓഹരി (investment loan) - 4425-108-42-34-3 – 2.5 കോടി രൂപ, വായ്പ (Term Loan) – 6425-108-19 - 15.365 കോടി രൂപ)} 2025-2026 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് പരമാർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. മേൽ തുക റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 16.365 കോടി രൂപ (പതിനാറ് കോടി മുപ്പത്താറ് ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രം) {ഓഹരി (investment loan) - 4425-108-42-34-3 –

1കോടി രൂപ, വായ്പ (Term Loan) – 6425-108-19 - 15.365 കോടി രൂപ)} 2025-2026 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (4) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രസ്തുത തുക , ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 (സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/49/2025/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/18/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 12-02-2026 11:05:51

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.